# ലിറ്റിൽ കൈറ്റ്സ് ഇ- മാഗസിൻ




# വി.വി.വി.എച്ച്.എസ്.എസ്

# അയത്തിൽ

# ഞങ്ങളുടെ വിദ്യാലയം












# ഉള്ളടക്കം

1 സന്ദേശം
2 സ്നേഹം നിറഞ്ഞ സമ്മാനം
3 പ്രകൃതിയുടെ രോഷം
4 ക്രിക്കറ്റിന്റെ ഇതിഹാസം
5 ആർട്ട് ഗ്യാലറി
6 മയിൽ
7 പദപ്രശ്നം
8 വായനാശീലം കുട്ടികളിൽ
9 മഹാവിഷ്ണുവിന്റെ മാറിലെ കാൽപ്പാട്
10 പ്രകൃതിയുടെ പ്രതികരണം
11 കുസൃതിചോദ്യങ്ങൾ
12 മഴ
13 ആഗോളതാപനം
14 സൗഹൃദത്തിന്റെ ഓർമ്മയ്ക്കായ്
15 പ്രകൃതി
16 മിന്നും താരങ്ങൾ
17 മലയാളം വിക്കിപീഡിയ റിപ്പോർട്ട്
18 DSLR ക്യാമറ പരിശീലന റിപ്പോർട്ട്
19 ലിറ്റിൽ കൈറ്റ്സ് പരിശീലന റിപ്പോർട്ട്

# എഡിറ്റോറിയൽ

കൊല്ലം ജില്ലയിലെ മികച്ച പൊതുവിദ്യാലയങ്ങളിലൊന്നായ വേലായുധ വിലാസം ഹൈസ്ക്കൂളിൽ ഈ വർഷത്തെ മികച്ച പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിച്ചത്. ഓരോ കാലയളവിലും കുട്ടികൾക്ക് ലഭ്യമാകുന്ന സാങ്കേതിക വിദ്യാഭ്യാസ മികവുകളിലൂടെ നമ്മുടെ സ്ക്കൂളിനേയും അതിന്റെ ഭാഗമായ ലിറ്റിൽ കൈറ്റ്സിനേയും അതിലുപരി ഒരു പുതിയ ലോകത്തെയും സൃഷ്ടിക്കാൻ സാധിക്കും. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഭാഗമായ കമ്പ്യൂട്ടർ പരിജ്ഞാനം എല്ലാ മനുഷ്യരേയും വളർന്നുവരുന്ന ശാസ്ത്ര ലോകത്തേക്ക് നയിക്കാൻ സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.........................

എഡിറ്റർ

# ഓർമ്മയിൽ ഒരു നിമിഷം






ഏകദിന ക്യാമ്പ് ഉദ്ഘാടനം ഏ.ഇ.ഒ നിർവഹിക്കുന്നു



എയ്റോബിക്സ് പരിശീലനം



ലിറ്റിൽ കൈറ്റ്സ് സ്കൂൾ ക്യാമ്പ്

# ഈ മാഗസിന് പിന്നിൽ

ആസിഫ് അലി
അരുൺ സി ബാലൻ
റന
മനുപ്രിയ
സൽമ
ദിവ്യ രാജ്
ആര്യ രാജാഞ്ജി
ജയരാജ്
അനുപമ
അനസ്
അഫ്സൽ അലി

# സന്ദേശം

സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുന്നതിനായി ലിറ്റിൽകൈറ്റ്സ് എന്ന കുട്ടികളുടെ ഐറ്റി കൂട്ടായ്മ, ഹൈടെക്പദ്ധതിയിലൂടെ അയത്തിൽ വേലായുധവിലാസം വൊക്കേഷണൽ ഹയർസെക്കന്ററിസ്കൂളിൽ നടപ്പിലാക്കിവരുന്നു. കേവലം പാഠപുസ്തകത്തിലെ അറിവുകൾക്കപ്പുറം സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

ലിറ്റിൽകൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. ഇതിന്റെ ഭാഗമായി ഇ- മാഗസിൻ നിർമ്മിച്ച് പ്രസിദ്ധീകരിക്കുന്നതിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും , മറ്റുള്ള കുട്ടികൾക്കും ഈ അവസരത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു.

*നൂതനസാങ്കേതികവിദ്യാലോകത്തേക്ക് വിദ്യാർഥികളെ കൈപിടിച്ചുയർത്തുന്നതരത്തിൽ സ്കൂൾതലപ്രവർത്തനങ്ങൾ കൂടുതൽ അന്വേഷണാത്മകവും സർഗാത്മകവുമാക്കാൻ കൈറ്റ്മിസ്ട്രസുമാർക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.*

*(എച്ച്.എം.)*
*ശ്രീമതി ബിന്ദു കെ.ജി*

# സ്നേഹം നിറച്ച സമ്മാനം



ഒരു ക്രിസ്മസ് കാലം. എവിടെയും ശൈത്യം. മരങ്ങൾക്കും കെട്ടിടങ്ങൾക്കും തടാകങ്ങൾക്കും മുകളിൽ മഞ്ഞുമൂടിക്കിടക്കുന്നു. ഈ സമയം അന്ന എന്ന എട്ടുവയസുകാരി പെൺകുട്ടി വീടിന്റെ ജനാലകളിലൂടെ പുറത്തെ മഞ്ഞുവീഴ്ച ആസ്വദിച്ചുകൊണ്ടിരുന്നു.അപ്പോഴാണവൾ കണ്ടത് കുട്ടികൾ ക്രിസ്മസ് സമ്മാനങ്ങളുമായി തെരുവുവീഥികളിലൂടെ കടന്നുപോകുന്നത്. സമ്മാനങ്ങൾ കണ്ടപ്പോൾ അന്നയ്ക്ക് ഒരാഗ്രഹം തന്റെ പ്രിയ സുഹൃത്തായ മിറലിന് ഒരു സമ്മാനം കൊടുക്കണമെന്ന്. എന്നാൽ അതിനുള്ള പൈസാ അവളുടെ കൈയ്യിലില്ല. മരംവെട്ടുകാരനായ അച്ചനോട് ചോദിക്കാമെന്നാൽ അച്ഛൻ പനിപിടിച്ചുകിടപ്പിലാണ്. അവൾ പുറത്തേക്കുനോക്കി വിഷമിച്ചുനിന്നു.അപ്പോൾ അവൾക്കൊരു ബുദ്ധിതോന്നി.അവൾ കുറച്ച് വർണ്ണക്കടലാസ് എടുത്ത് ഒരു പെട്ടിയിൽ പൊതിഞ്ഞു എന്നിട്ട് ആ പെട്ടിയുമായി  മിറലിനടുത്തേയ്ക്ക് നടന്നു.പണക്കാരനായ ഒരു വ്യാപാരിയുടെ മകളായിരുന്നു മിറൽ. അവൾക്കിതിനകം തന്നെ ധാരാളം സമ്മാനങ്ങൾ കിട്ടിയിട്ടുണ്ടാകും. അന്ന മിറലിനടുത്തെത്തി. മിറലിനു ചുറ്റും അപ്പോൾ എല്ലാ കൂട്ടുകാരുമുണ്ടായിരുന്നു.അന്ന അവളുടെ സമ്മാനം മിറലിനു നൽകി. മിറൽ ഒത്തിരി സന്തോഷത്തോടെ,ആകാംക്ഷയോടെ അത് തുറന്നു.എന്നാൽ പെട്ടിക്കുള്ളിൽ ശൂന്യം. കൂട്ടുകാർ ഒരുപാട് അന്നയെ കളിയാക്കി. അന്ന വിഷമിച്ചു തിരികെ നടന്നു. മിറൽ ഓടി അവളുടെ അടുത്തെത്തി ചോദിച്ചു -നീ എന്നെ കളിയാക്കിയതാണോ. അന്ന പറഞ്ഞു -മിറൽ ഒരിക്കലും അല്ല എന്റെ കൈയ്യിൽ നിനക്ക് തരാൻ ഒന്നുമില്ലായിരുന്നു. അതിനാൽ എനിക്കു നിന്നോടുള്ള സ്നേഹത്തിന്റെ ഒരംശം ഈ പെട്ടിയിലാക്കി നിനക്ക് സമ്മാനിച്ചതാണ്. ഇതുകേട്ട മിറലിന്റെ കണ്ണ് നിറഞ്ഞു. അവൾ അന്നയെ കെട്ടിപ്പിടിച്ച് ക്രിസ്മസ് ആശംസനൽകി. എന്നിട്ട് അന്നയ്ക്കുള്ള സമ്മാനവും നൽകി. മിറലിന്റെ  ഈ വർഷത്തെ ഏറ്റവും വിലപ്പെട്ട സമ്മാനമായിരുന്നു അന്നയുടെ സമ്മാനം.- സ്നേഹം നിറച്ച സമ്മാനം .

*സൂഫിയ -10 C*

# പ്രകൃതിയുടെ രോഷം

ആർത്തിരമ്പുന്ന മഴയത്തു നാം കണ്ടു
പകച്ചുനിൽക്കുന്ന ബാല്യങ്ങളേ
എത്രയും സുന്ദരിയാം പ്രകൃതി
രൗദ്രയായ് വന്നു
നാശം വിതയ്ക്കുവാനെന്നപോലെ
എന്നും ഓർമ്മയിൽ
നിൽക്കുന്നതല്ലേയത്
സ്നേഹം വിതയ്ക്കും പ്രകൃതിതൻ
രോഷം പൂണ്ട ജീവിതമല്ലേയത്
ശാന്തയാം പ്രകൃതിമാതാവിനെ
രോഷാകുലയാക്കിയത് നാമല്ലേ
മനുഷ്യരാശിയല്ലേ
നാം പ്രകൃതിയ്ക്കു നൽകിയത്
പ്രകൃതി തിരിച്ചു തന്നതല്ലേ
ഇനിയും രോഷം വിതയ്ക്കുന്ന പ്രകൃതിയെ
ശാന്തയാക്കേണ്ടത് ധർമ്മമാണ്
മാനവരാശിതൻ ധർമ്മമാണ്



ഫർഹാന.എഫ് 10.A

# ക്രിക്കറ്റിന്റെ ഇതിഹാസം

## സച്ചിൻ ടെണ്ടുൽക്കർ

1976 ഏപ്രിൽ 23 ന് മുംബൈയിൽ ജനിച്ചു . അച്ഛന്റെ പേര് രമേശ്ടെണ്ടുൽക്കർ ബാല്യ കാലം മുതലേ ക്രിക്കറ്റ് പരിശീലനത്തിൽ ഏർപ്പെട്ടിരുന്നു . 1987 ൽ ആദ്യമായി ടെസ്റ്റ് ട്രോഫിയിൽ കളിച്ചു.



1989 നവംബർ 15 ന് പാകിസ്ഥാനെതിരെയാണ് സച്ചിൻ ആദ്യമായി ഗ്രൗണ്ടിൽ എത്തിയത് . 1993 ൽ ആണ് സച്ചിൻ തന്റെ ആദ്യ സെഞ്ചുറി നേടുന്നത്. 1993 ൽ പാകിസ്ഥാനെതിരായ ഒരു മത്സരത്തിൽ വെച്ച് യുസഫ് അലി എന്ന ബൗളറുടെ മോശമായ ബൗളിങ് മൂലം സച്ചിന്റെ മൂക്കിന് പരിക്കേൽക്കുകയുണ്ടായി .ആ മത്സരത്തിൽ തന്നെ ചികിത്സ കഴിഞ്ഞെത്തിയ സച്ചിൻ ക്രിക്കറ്റിലെ ഒരു മിന്നുന്ന താരമായി

ലോകകപ്പിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ ആദ്യ ക്രിക്കറ്റ് താരമാണ് സച്ചിൻ ടെണ്ടുൽക്കർ . സച്ചിൻ അന്താരാഷ്ട്ര ടെസ്റ്റ് പരമ്പരയിൽ ആകെ കളിച്ച മത്സരങ്ങൾ 191,നേടിയ റൺസ് 15522. ടെസ്റ്റ് ക്രക്കറ്റിൽ ആകെ 31 സെഞ്ചുറികൾ നേടിയിട്ടുണ്ട് അർധ സെഞ്ചുറികൾ 64.

അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ സച്ചിൻ സ്വന്തമാക്കിയത് 50 സെഞ്ചുറികളും 46 അർധ സെഞ്ചുറികളും ഏകദിന ക്രിക്കറ്റിൽ ആദ്യമായി 20000 റൺസ് തികച്ച ആദ്യ ഇന്ത്യൻ ബാറ്റസ്മാനുമാണ്

സച്ചിൻ ടെണ്ടുൽക്കർ . ഇന്ത്യൻ ടീമിന്റെ സിംഹകുട്ടി എന്നാണ് സച്ചിനെ വിശേഷിപ്പിച്ചിരുന്നത്.

അന്താരാഷ്ട്ര ക്രിക്കറ്റിൽ ആദ്യമായി 100 സെഞ്ച്വറികൾ നേടിയ വ്യക്തി ഇരുപത്തിനാലോളം സെഞ്ച്വറികൾ ഒരു റൺസിന് നഷ്ടപ്പെട്ടു. അന്താരാഷ്ട്ര ക്രിക്കറ്റിൽ മൊത്തം 35522 റൺസ് നേടി .
ക്രിക്കറ്റ് എന്ന കലയിലെ മിന്നുന്ന താരമായി സച്ചിൻ മാറിയത് 1996 -ൽ ഇംഗ്ലണ്ടുമായുള്ള ഏകദിന
ക്രിക്കറ്റിൽ 196 റൺസ് നേടിയപ്പോഴാണ്.

ഏകദിന ക്രിക്കറ്റിൽ ആദ്യമായി ഒരു കളിയിൽ 200 റൺസ് നേടിയ ആദ്യ ഇന്ത്യൻ ബാറ്റ്സ്മാൻ .
സച്ചിന്റെ റൺസുകൾ അതിജീവിക്കാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല .2012 ഡിസംബർ മാസം 28 -ാം തീയതി അദ്ദേഹം ഏകദിന ക്രിക്കറ്റിൽ നിന്നും വിരമിച്ചു

ആകെയുള്ള റൺസ് -25520
സെഞ്ച്വറികൾ -100
അർധ സെഞ്ച്വറികൾ -98
വ്യക്തിഗത റൺസ് -200

*മത്സരങ്ങൾ -191364*

*അരുണിമ 5 B*




# ആർട്ട്സ് ഗാലറി






By Jithin Raj


by:- Adithyan A


by
Shari. S
VIII th A


ARUN. C. BALAN
IX B


ARUN. C. BALAN
IX B

# മയിൽ




മയിലേ മയിലേ പൊൻമയിലേ
സുന്ദരി എന്നൊരു പൊൻമയിലേ
പീലിവിടർത്തും പൊൻമയിലേ
കാണാനെന്തൊരു ചേലാണ്
മഴ പെയ്യുമ്പോൾ നൃത്തം വയ്ക്കും
കാട്ടിലെ സുന്ദരി  നീ അല്ലേ

*ജിതിൻ രാജ്*

***10 A***

# പദപ്രശ്നം




വലത്തോട്ട്

2.ഗാന്ധിജിയും മറ്റും നൂൽ നൂറ്റിരുന്നത് ഇതുപയോഗിച്ചാണ്.

3."രാമന്റെ യാത്ര"എന്നാണ് ഈ ഇതിഹാസത്തിന്റെ പേരിനർത്ഥം.

4.മാങ്ങയുണ്ടാകുന്ന മരം.

6.കൊൽക്കത്തയുടെ പഴയ പേര്.

താഴോട്ട്

1.ഏറ്റവും വലിയ ഫലം.

2.ഇതിന്റെ നൂലുപയോഗിച്ച് ചാക്കും മറ്റും നിർമ്മിക്കാറുണ്ട്.

3.അരചൻ എന്ന വാക്കിന് ഇതാണർത്ഥം.

4.മെഡിറ്ററേനിയൻ കടലിൽ ഇറ്റലിയുടെ തെക്കുഭാഗത്തെ ഒരു ദ്വീപാണ് ഈ രാജ്യം . തലസ്ഥാനം വലേററ .

5.ആണി അടിച്ചു കയറ്റാൻ ഈ ഉപകരണം വേണം .

## ഉത്തരങ്ങൾ

ചർക്ക
രാമായണം
മാവ്
കൽക്കട്ട
ചക്ക
ചണം
രാജാവ്
മാൾട്ട
ചുറ്റിക

ദിവ്യ രാജ്
9C

# വായനാ ശീലം കുട്ടികളിൽ




കുട്ടികളിൽ വായനാ ശീലം എന്നത് ഒഴിച്ചു കൂടാൻ കഴിയാത്ത ഘടകമാണ്.നാം എന്തിനും ഏതിനും വായിക്കുന്നവരാണ്. മനസ്സിന്റെ ശരിയായ വളർച്ചയ്ക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ് വായനാശീലം. ഒരാളിൽ സംസ്ക്കാരത്തിന്റെ പ്രകാശം പരത്താൻ വായന പോലെ മറ്റൊന്നില്ല. ഓരോ വ്യക്തിയുടെയും സ്വഭാവ രൂപവത്കരണത്തിൽ ഏറെ സഹായിക്കുന്നത് നല്ല വായനയാണ്."നമ്മൾ വായിച്ചാൽ വളരുമെന്നും വായിച്ചില്ലെങ്കിൽ വളയുമെന്നും" കുഞ്ഞുണ്ണിമാഷ് പറയുന്നുണ്ട്.പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ് എന്നെഴുതിയ ഷേക്സ്പിയറും വായനയുടെ മഹത്വത്തെയാണ് ഈ വരിയിലൂടെ സൂചിപ്പിക്കുന്നത്. വായനയിലൂടെ കുട്ടികളുടെ അറിവ് വികസിക്കുന്നു. വായനാ ശീലം എന്നത് കുട്ടികളുടെ സുഹൃത്താണ്.കുട്ടികൾക്ക് ദുഃഖം വന്നാലും സന്തോഷം വന്നാലും കൂടെ ഉണ്ടാകുന്നത് വായനാ ശീലമെന്ന സുഹൃത്തു മാത്രമാണ്. അതുപോലെതന്നെ വായനാ ശീലം കുട്ടികളെ കഥകളും കവിതകളും എഴുതാൻ പ്രേരിപ്പിക്കുന്നു.വായനാ ശീലം എന്ന മഴയിൽ കുട്ടികൾ നനയുകയാണ്. ജീവിതത്തിന്റെ കെടാവിളക്കാണ് വായന.വായനയിലൂടെയാണ് ഒരാളുടെ ജീവിതം മഹത്ത്വപൂർണ്ണമാകുന്നത്.വായനയിലൂടെ നമുക്ക് ഒരാളുടെ സംസ്ക്കാരത്തേയും സ്വഭാവത്തേയും തിരിച്ചറിയാൻ കഴിയുന്നു.വായനയിലൂടെ രൂപമാകുന്ന വെളിച്ചം ജീവിതത്തിന്റെ വെളിച്ചമാണ്. വായനയാണ് ഓരോരുത്തരുടെയും ജീവിതത്തിന്റെ അടിസ്ഥാനമാകുന്നത്.

അഭിമന്യു. ഇ.എസ് 10-C

# മഹാവിഷ്ണുവിന്റെ മാറിലെ കാല്പാട്



ഒരിക്കൽ സരസ്വതി നദിയുടെ തീരത്തു വച്ച് മഹർഷിമാർ ഒരു യാഗം നടത്തി.ഇതിനിടെ ത്രിമൂർത്തികളിൽ ആർക്കാണ് കൂടുതൽ മാഹാത്മ്യമെന്ന് അവർക്കിടയിൽ ഒരു പ്രശ്നം ഉദിച്ചു. ശരിയായ വിവരം പരീക്ഷിച്ചറിയാനായി മഹർഷിമാർ ഭൃഗുമഹർഷിയെ തെരഞ്ഞെടുത്തു.ഭൃഗുമഹർഷി ദേവലോകത്തേയ്ക്ക് യാത്ര തിരിച്ചു. ആദ്യം അദ്ദേഹം ബ്രഹ്മാവിന്റെ അടുത്തേക്കാണ് പോയത്. അവിടെ അനേകം മുനിമാരുടെ മദ്ധ്യത്തിൽ ഉപവിഷ്ടനായിരിക്കുന്ന ബ്രഹ്മാവിന്റെ മുമ്പിൽ ഒരു പീഠത്തിലിരുന്നു. ഇതുകണ്ട ബ്രഹ്മാവിന് കോപം വന്നു. ഭൃഗു ഒന്നും മിണ്ടാതെ അവിടെ നിന്നും ഇറങ്ങി നടന്നു. പിന്നീട് അദ്ദേഹം ശിവസന്നിധിയിലേയ്ക്കാണ് പോയത്. മഹർഷിയെ കണ്ടതും ശിവൻ ആലിംഗനം ചെയ്യാനായി എഴുന്നേറ്റു ചെന്നു. ഛേ, എന്നെ തൊടരുതെന്ന് പറഞ്ഞു മഹർഷി മാറി നിന്നു. കുപിതനായ ശിവൻ മഹർഷിയുടെ നേരെ ശൂലം പ്രയോഗിക്കാനൊരുങ്ങി. ഇതു കണ്ട പാർവ്വതി അതു തടഞ്ഞു. അവിടെ നിന്നും വൈകുണ്ഠത്തിലേയ്ക്കാണ് മഹർഷി പോയത്. അവിടെ നിദ്രയിലാണ്ടുകിടക്കുന്ന മഹാവിഷ്ണുവിനെ മഹർഷി കണ്ടു. ലോകസംരക്ഷണം ചെയ്യേണ്ട വിഷ്ണു യാതൊരു ഉത്തരവാദിത്വവുമില്ലാതെ ഉറങ്ങുന്നതുകണ്ട് മഹർഷി വിഷ്ണുവിന്റെ മാറിടത്തിൽ ആഞ്ഞു ചവിട്ടി. വിഷ്ണു ചാടിയെണീറ്റപ്പോൾ ഭൃഗുമഹർഷിയെയാണ് കണ്ടത്. വിഷ്ണു മഹർഷിയോട് ക്ഷമ ചോദിച്ചു. മഹർഷിയെ അനാദരിച്ചതിന്റെ പ്രായശ്ചിത്തമായി ഭൃഗുവിന്റെ കാല്പാട് തന്റെ മാറിടത്തിൽ പതിഞ്ഞുകിടക്കണമെന്ന് വിഷ്ണു പറഞ്ഞു.(ഈ പാദമുദ്രയാണ് ശ്രീവത്സം എന്നറിയപ്പെടുന്നത്). ഇങ്ങനെ ത്രിമൂർത്തികളിൽ മാഹാത്മ്യമുള്ളവൻ മഹാവിഷ്ണുവാണെന്ന് മുനിമാർ ഉറപ്പിച്ചു.

ആര്യ രാജാജി 9.A

# പ്രകൃതിയുടെ പ്രതികരണം



നിങ്ങളാണ് ഈ ലോകത്തിന്റെ പ്രകാശം
നിങ്ങളത് ക്രൂരിരുട്ടാക്കല്ലേ
ഞാൻ ജീവനാധാരം
കാത്തുസൂക്ഷിക്കുവിൻ മക്കളേ നിങ്ങൾ
നിങ്ങളതിജീവിക്കുമെന്ന് നിങ്ങളുടെ
വിശ്വാസം
എങ്കിലും ഞാൻ അതിജീവിക്കുമോ?
നിങ്ങൾ ചെയ്ത ക്രൂരതകൾ ഓരോന്നും
എൻ ഇടനെഞ്ചിൽ മുറിവേൽപ്പിക്കയും
അത് തലോടുവാൻ ആരുമില്ലല്ലോ
മക്കളേ എൻ കൂടെ ആരുമില്ലല്ലോ
പഴമതൻ മൊഴിപോൽ
താൻ താൻ ചെയ്യുന്ന കർമ്മങ്ങൾ
ഓരോന്നും താൻ താൻ
അനുഭവിച്ചീടുമെന്നതുപോലെ
വരും തലമുറകളിത് അനുകരിക്കാതിരിക്കയാൽ
ഞാൻ ഒരു ഹരിതമോഹനമായിത്തീർന്നേനേ....
സ്നേഹിക്കു ...സ്നേഹിക്കു നിൻ അമ്മയെപ്പോലെ
സ്നേഹിക്കൂ... സ്നേഹിക്കു നിൻ അമ്മയെപ്പോലെ
എൻ മാതൃത്വം നുകരൂ നിങ്ങൾ
എൻ മാതൃത്വം നുകരൂ നിങ്ങൾ

സൽമ. എസ് 9.C

# കുസൃതിചോദ്യങ്ങൾ

1 ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ബാഗ്
ജാലിയൻവാലാബാഗ്
2 അളക്കാൻ ഉപയോഗിക്കാത്ത നാഴി
ഇടനാഴി
3 ഒന്നിനും ഇനി സാക്ഷിയാകാത്ത സാക്ഷി
രക്തസാക്ഷി
4 മനുഷ്യൻ സ്വന്തമായുണ്ടാക്കുന്ന മരം
സമരം
5 വാഹനവുമായി ബന്ധപ്പെട്ട നൃത്തരൂപം
ബ്രേക്ക്ഡാൻസ്
6 ഡോക്ടർ രോഗിയോട് പുക വലിക്കരുതെന്ന് പറയുന്നതെന്തുകൊണ്ട്
നാവുകൊണ്ട്
7 കണ്ടാലറിയാത്തവൻ കൊണ്ടാലറിയുമെന്ന് പറഞ്ഞവനാര്
കൊണ്ടവൻ
8 നിങ്ങൾ അടുക്കളയിൽ കയറുമ്പോൾ ആദ്യമായി വെക്കുന്നതെന്ത്
നിങ്ങളുടെ കാല്
9 നിങ്ങൾ ആകാശത്തേയ്ക്ക് എറിയുന്ന പന്ത് തിരികെ വരാൻ കാരണം
അവിടെ പന്ത് കളിക്കാൻ ആളില്ലാത്തതിനാൽ
10 ഇന്ത്യയും പാകിസ്ഥാനും സമാധാനക്കരാർ ഒപ്പിടുകയാണെങ്കിൽ എവിടെയാകും ഒപ്പിടുക
പേപ്പറിന്റെ അടിയിൽ

*റിസാന – 6 B*

# മഴ




അന്ന് ആ ആശുപത്രിവരാന്ത ശൂന്യമായിരുന്നു. ഇളംവെയിലിൻ തഴുകലോടെ കാറ്റിൻ തലോടലോടെ അവൻ ഭൂമിയിൽ പിറന്നു. അവൻ ആ കുഞ്ഞുനക്ഷത്രക്കണ്ണുകൾ തുറന്നു എല്ലാവരേയും അതിശയത്തോടെ,നിഷ്കളങ്കമായ ചിരിയോടെ നോക്കി. അടുത്തുനിന്ന സിസ്റ്ററമ്മയെ ഇഷ്ടപ്പെടാഞ്ഞിട്ടാകണം അവൻ പെട്ടെന്ന് കരഞ്ഞു. കമ്പ്യൂട്ടർലോകത്ത് ഓടിനടക്കുന്ന രണ്ട് ഉദ്യോഗസ്ഥരായിരുന്നു അവന്റെ മാതാപിതാക്കൾ. അവന്റെ അമ്മ അവന് ആദ്യമായി സമ്മാനിച്ചതും ഒരു ഫോൺ തന്നെയായിരുന്നു. മണ്ണിൽ കളിക്കേണ്ട,തുമ്പിയെ പിടിക്കേണ്ട പ്രായത്തിൽ അവൻ മൊബൈൽഫോണിന്റേയും ടിവിയുടേയും ലോകത്തിൽ അകപ്പെട്ടു. ആ ഇരുൾ നിറഞ്ഞ വലിയ വീട്ടിൽ അവന്റെ അച്ഛനമ്മമാർ അവനെ ഒരു ആയയുടെ അടുക്കലാക്കി ജോലിക്കുപോയി. ഏകാന്തതയിൽ വളർന്ന അവന് കൂട്ടായതും മൊബൈൽ,ടിവി എന്നിവതന്നെ. ഏകദേശം അവന് ഏഴ് വയസുള്ളപ്പോൾ സ്ക്കൂളിൽ ടീച്ചർ അവനോട് ഒരു മഴക്കവിത ചൊല്ലാൻ പറഞ്ഞു. മഴ എന്തെന്ന്പോലും അറിയാതെ അവൻ അന്താളിച്ചുനിന്നു. ഇത്രയും വലുതായ നിനക്ക് മഴയറിയില്ലേ എന്ന് ചോദിച്ച് കൂട്ടുകാർ അവനെ കളിയാക്കി.അവനറിയാം അവൻ കണ്ടിട്ടുണ്ട് ടിവിയിൽ, കാർട്ടൂണിൽ പക്ഷേ നേരിട്ട് കണ്ടിട്ടില്ല. വീട്ടിലെത്തി ആയയോട് ഒരു


കുസൃതിച്ചിരിയോടെ അവൻ ചോദിച്ചു എന്താണ് മഴ? അവർ അവനെ ജനലിനരികിലേക്ക് കൊണ്ടുപോയി പുറത്തേക്ക് കൈചൂണ്ടി പറഞ്ഞു-ഇതാണ് കുഞ്ഞേ മഴ. അവൻ മഴ കൺകുളിർക്കെ കണ്ടു . അവന് മഴയെ ഒരുപാട് ഇഷ്ടമായി.അവൻ മഴപെയ്യുന്നത് വരക്കുകയും മഴയെക്കുറിച്ച് പാട്ടുപാടുകയുമൊക്കെ ചെയ്തു. എന്നാൽ മഴയുടെ ഭംഗിയുള്ള മുഖം മാത്രമാണവൻ കണ്ടത്. കുറച്ച് ദിവസങ്ങൾക്കുശേഷം മഴ രോഷാകുലയായി. അവളുടെ മട്ടുമാറി.അവന്റെ ആ ഇരുനിലവീടും വെള്ളത്തിൽ മുങ്ങി. ആർഭാടത്തിലും പാശ്ചാത്യസംസ്ക്കാരത്തിലും മുഴുകി നടന്ന അവന്റെ അച്ഛനുമമ്മയും അവനേയും കൂട്ടി ദുരിതാശ്വാസക്യാമ്പിൽ പോയി. മഴയെന്തെന്നറിയാത്ത നൂറുകണക്കിന് കുട്ടികളറിഞ്ഞു മഴയെന്തെന്ന്. പ്രകൃതിയെമറന്ന ഈ കമ്പ്യൂട്ടർലോകത്തിന് പ്രകൃതിതന്നെ നൽകിയ തിരിച്ചടിയാണ് ഈ മഴ........

സൂഫിയ
10 C

# ആഗോളതാപനം




വനനശീകരണം ,അന്തരീക്ഷമലിനീകരണം,എന്നിവയുടെയെല്ലാം ഫലമാണെല്ലോ ആഗോളതാപനം. കാർബൺഡൈഓക്സൈഡ് വാതകമാണ് നാമും മറ്റുജന്തുക്കളും ശ്വാസോച്ഛ്വാസം ചെയ്യുമ്പോൾ പുറത്തു വിടുന്നത്.ഇത് സസ്യജാലങ്ങൾക്ക് പ്രകാശസംശ്ളേഷണം നടത്താൻ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ്.ഇത് അന്തരീക്ഷവായുവിൽ 0.03 ശതമാനം മാത്രമേയുള്ളൂ. പക്ഷേ ഭൂമിയിലും അന്തരീക്ഷത്തിലുംഉള്ള ചൂടിനെ ക്രമീകരിക്കുന്നതിൽ ഈ വാതകത്തിന് നിർണ്ണായകമായ പങ്കാണുള്ളത്.ചൂടുകൂടാൻ ഇടയാക്കുന്ന ഈ വാതകത്തിന്റെപ്രധാന ഉറവിടം കൽക്കരി,പെട്രോളിയം ഉല്പന്നങ്ങൾ,പ്രകൃതിവാതകം തുടങ്ങിയ ഫോസിൽ ഇന്ധനങ്ങളുടെ വർദ്ധിച്ച ഉപയോഗമാണ്. കാർബൺഡൈഓക്സൈഡിന്റെ  വർദ്ധനയ്ക്ക് ഇടയാക്കുന്ന മറ്റൊരു ഉറവിടം വനനശീകരണമാണ്. ഇത് പലതരത്തിൽ പ്രാവർത്തികമാകുന്നു. വനങ്ങൾ കത്തിച്ച് നശിപ്പിക്കുമ്പോൾ മരങ്ങൾ കത്തുന്നതിന്റെ  ഫലമായി അധികം കാർബൺഡൈഓക്സൈഡ് അന്തരീക്ഷത്തിൽ എത്തിച്ചേരും.വനം നശിപ്പിക്കപ്പെടുമ്പോൾതിങ്ങി നിറഞ്ഞപച്ചത്തലപ്പ്  നഷ്ടപ്പെടും. ഇതിന്റെ ഫലമായി നനവും വളക്കൂറുമുള്ളമണ്ണ് പെട്ടെന്ന് ചൂടാവുകയും ചെയ്യും. വ്യത്യസ്തമായ മറ്റൊരു രീതിയിലും കാർബൺഡൈഓക്സൈഡിന്റെ അളവ് ഉയരാൻ വനനശീകരണത്തിന് കാരണമാകും.കാർബൺഡൈഓക്സൈഡിനെ ആഗിരണം ചെയ്യാൻ കഴിവുള്ള വനത്തിലെ മരങ്ങൾ ഇല്ലാതാകുന്നതുമൂലമാണ്. ഒരു വശത്ത് നാം കൂടുതൽ കാർബൺഡൈഓക്സൈഡ്അന്തരീക്ഷത്തിലേയ്ക്ക് വിടുകയും , മറുവശത്ത് അതിനെ നീക്കം ചെയ്യാനുള്ള പ്രകൃതിയുടെ ഒന്നാന്തരം ശ്രമംനാം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു.ആധുനിക കൃഷിസമ്പ്രദായവും കാർബൺഡൈഓക്സൈഡിന്റെ  വർദ്ധനയ്ക്ക്  കാരണമാകുന്നു.



യന്ത്രവത്കൃത കൃഷിരീതികളും രാസവളപ്രയോഗവുംകാർബൺഡൈഓക്സൈഡ് കൂടാതെനൈട്രജൻ ഓക്സൈഡും അന്തരീക്ഷത്തിൽ എത്തിച്ചേരാൻ കാരണമാകുന്നു.കാർബൺഡൈഓക്സൈഡിന്റെ വർദ്ധനയ്ക്ക് ഹേതുവാകുന്ന മറ്റു കാര്യങ്ങൾ ജീവികളുടെ ശ്വാസോച്ഛ്വാസം,ജൈവവസ്തുക്കളുടെ ചീയൽ,അഗ്നിപർവതങ്ങളുടെ പ്രവർത്തനം,തുടങ്ങിയവയാണ്.ചൂട് കൂടുന്നത്ജൈവവസ്തുക്കളുടെ ചീയലിനെ ത്വരിതപ്പെടുത്തും.ചെടികളുടെ ശ്വാസോച്ഛ്വാസത്തിന്റെ വേഗത കൂടും.ഇതിന്റെയെല്ലാംഫലമായി അന്തരീക്ഷത്തിലെ കാർബൺഡൈഓക്സൈഡ് വീണ്ടും വർദ്ധിയ്ക്കും.കാർബൺഡൈഓക്സൈഡിന്റെ വർദ്ധനയ്ക്ക്അനുസ്യൂതം പെരുകുന്ന ജനങ്ങളുടെ എണ്ണത്തിലുള്ള പങ്ക് വിസ്മരിക്കാവുന്നതല്ല.ആളുകളുടെയും വീടുകളുടെയുംഎണ്ണം വർദ്ധിയ്ക്കുന്നതനുസരിച്ച്ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗവും വർദ്ധിയ്ക്കും.ചുരുക്കത്തിൽ പുത്തൻ സാങ്കേതിക വിദ്യകളുടെ അകമ്പടിയോടെ മുന്നേറുന്ന വ്യവസായങ്ങളോ അതിരില്ലാത്തഉയർന്ന ജീവിതനിലവാരത്തിലുള്ള അതിമോഹമോ മാത്രമല്ല,ജനപ്പെരുപ്പവും കാർബൺഡൈഓക്സൈഡ് വർദ്ധിയ്ക്കുന്നതിൽ അതിന്റേതായ പങ്ക് വഹിക്കുന്നു.ചുരുക്കത്തിൽ മനുഷ്യൻ തന്നെയാണ് ആഗോളതാപനം ഉണ്ടാകാനുള്ള പ്രധാന കണ്ണി.ഇങ്ങനെ പോയാൽ അടുത്ത കുറെ വർഷങ്ങൾക്കകംഭൂമി ചുട്ടുപഴുക്കാൻ തുടങ്ങും.മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും അവയുടെ ജീവൻ നിലനിർത്താൻ പാടു പെടേണ്ടിവരും.

അന്തരീക്ഷവായുവിൽ കാർബൺഡൈഓക്സൈഡിന്റെ അളവ് കൂടുമ്പോൾതാപനില വർദ്ധിയ്ക്കുന്നു.ഇത് തടയുന്നത് സസ്യങ്ങളാണ്. അതുകൊണ്ട് ആഗോളതാപനത്തിന് ഒരു മറുപടി സസ്യങ്ങളാണ്.

നീതുകൃഷ്ണ 10-C

# സൗഹൃദത്തിന്റെ ഓർമ്മയ്ക്കായ്



കുസൃതികൾ കണ്ണുപൊത്തിക്കളിക്കുന്ന വിദ്യാലയവരാന്തകളിൽ നെഞ്ചിൽ കൈവച്ച് ചങ്ക്പറിച്ചുതരുന്ന സൗഹൃദമാണ് ഞങ്ങളുടേത്.എന്റെ ജീവിതത്തിലെ മനോഹരമായ നിമിഷങ്ങൾ പൂത്തത് സൗഹൃദത്തിൻ ചില്ലയിലാണ്.സന്തോഷം വരുമ്പോൾ ചിരിക്കാനും സങ്കടം വരുമ്പോൾ സമാധാനിപ്പിക്കാനും നൊമ്പരങ്ങളിൽ തലചായ്ക്കാനും എന്റെ സൗഹൃദം എന്നോടോപ്പമുണ്ടായിരുന്നു.ഇപ്പോൾ ഞങ്ങൾ ഒറ്റചങ്കം ഒരേ മനസുമുള്ള ഇണക്കുരുവികൾ.പിണക്കങ്ങളും ഇണക്കങ്ങളും ഞങ്ങളിൽ സർവ്വസാധാരണമാണ്. പിണങ്ങിയാൽ പിന്നെ ഇണങ്ങാനുള്ള വെമ്പലാണ് ഞങ്ങൾ എല്ലാപേർക്കും. പ്രണയമാണ് വലുതെന്ന്  പറയുന്ന പലർക്കും സൗഹൃദത്തിന്റെ വിലയറിയില്ല. പ്രണയം ദുഃഖം നൽകുന്നിടത്ത് ഒരു പുഞ്ചിരി നൽകാൻ ഒരു നല്ല സുഹൃത്തിനേ കഴിയൂ.എന്റെകൂടെ ആരുണ്ട് എന്ന് ചോദിച്ചാൽ ഞാൻ ധൈര്യത്തോടെ പറയും സുഹൃത്തുക്കൾ എന്റൊപ്പം ഉണ്ടെന്ന്. എന്തിനും ഏതിനും കൂട്ടുകാരൊപ്പമുള്ളത് വല്ലാത്തൊരു ധൈര്യംതന്നെ. വിദ്യാലയജീവിതത്തിലെ ഓരോ ഓർമ്മകളിലും ഒരു സുഹൃത്ത് എല്ലാവർക്കുമുണ്ടാകും.ഒഴിവുസമയങ്ങളിൽ പറഞ്ഞുതീർത്ത ഓരോ തമാശകളും പങ്കുവച്ചുകഴിച്ച ഓരോ മിഠായികളും ജീവിതത്തിലെ മറക്കാനാവാത്ത ഓർമ്മകളാണ്. ഒന്നും പറയാതെ ആരോടും ചോദിക്കാതെ എന്നിലേക്ക് വന്നതാണെന്റെ സൗഹൃദം.കാലത്തിൻ മറവിൽ സ്നേഹത്തിൻ കൂട്ടിൽ ഞങ്ങളെന്നും ഉണ്ടാകും.കാലമെത്ര കഴിഞ്ഞാലും ലോകംതന്നെ മാറിമറിഞ്ഞാലും

ഞങ്ങൾ ഇങ്ങനെ കുസൃതികളും കളിചിരികളുമായി മുന്നോട്ട് തന്നെപോകും...എല്ലാ സുഹൃത്തുക്കളും ആഗ്രഹിക്കുന്നതുപോലെ ഒരുപാട് ജന്മങ്ങളൊന്നും ഞങ്ങൾക്ക് വേണ്ട. ഉള്ള ഈ ജന്മം ഇണങ്ങിയും പിണങ്ങിയും ഇങ്ങനെ പോയാൽമതി...എന്റെ ഈ വിദ്യാലയവും സുഹൃത്തുക്കളും ഓർമ്മകളും എന്നും എന്നിൽ നിറഞ്ഞുനിൽക്കും.

വിഷ്ണുപ്രിയ
10 C

# പ്രകൃതി

എങ്ങു പോയി എങ്ങു പോയി എൻ
പ്രകൃതി എങ്ങു പോയി എങ്ങു പോയി
ഹരിതാഭ എങ്ങു പോയി
പർവ്വതനിരകൾ  എങ്ങു പോയി
എങ്ങു പോയി എങ്ങു പോയി
പ്രകൃതിതൻ സൗന്ദര്യം എങ്ങു പോയി
ഓർക്കുക പ്രകൃതി അമ്മയാണ്
ദൈവമാണ് സർവ്വവ്യാപിയാണ്
അമ്മയാണ് ദൈവമാണ് ഈ
ലോകത്തിൻ
ശിൽപിയാണ് എൻ പ്രകൃതി
'അമ്മ കരയുന്ന കണ്ണുനീരിൽ മക്കൾ
ആഴത്തിൽ മുങ്ങി പൊയ്പോയി
എങ്ങു പോയി എങ്ങു പോയി
ചോദിക്കുന്നു 'അമ്മ നമ്മോട്
ഞാൻ എന്ത് ചെയ്തു എന്തുചെയ്തു
ഞാനൊരു അമ്മയല്ലേ നിങ്ങൾക്കു
ദൈവത്തിൻ സമമല്ലേ
ഞാനൊരു ശിൽപിയല്ലേ
നിങ്ങൾക്കു ഞാൻ അല്ലാതാരുണ്ട്
എന്നെ ദ്രോഹിക്കുന്നതു നിർത്തുമോ?
ഇല്ലെങ്കിൽ നിങ്ങളെൻ കൈകളാൽ
പിടഞ്ഞ് വീഴും ഓർക്കുക
നിങ്ങൾക്കു ഞാൻ അമ്മയാണ്
സ്വന്തം അമ്മയാണ്



സിജി 8 C

# ഒന്നിന്റെ കളികൾ

1 x 1 = 1

11 x 11 = 121

111 x 111 = 12321

1111 x 1111 = 1234321

11111 x 11111 = 123454321

0 x 9 + 1 = 1
1 x 9 + 2 = 11
12 x 9 + 3 = 111
123 x 9 + 4 = 1111
1234 x 9 + 5 = 11111
12345 x 9 + 6 = 111111
123456 x 9 + 7 = 1111111
1234567 x 9 + 8 = 11111111
12345678 x 9 + 9 = 111111111
123456789 x 9 + 10 = 1111111111

ആസിഫ് അലി

9 D

# മിന്നും താരങ്ങൾ




സ്കൂൾ സ് പോർട്സ് ടീം





വിഷ്ണു പ്രിയ വീണ





സൽമ.എസ്

ജയലക്ഷ്മി.ആർ





ഇർഫാന

ആദിത്യ.എ

# മലയാളം വിക്കീപീഡിയ റിപ്പോർട്ട്

10/11/2018 ശനിയാഴ്ച്ച കൊല്ലം ബോയ്സ് ഹൈസ്കൂളിൽ രാവിലെ 10:00 മുതൽ 1:00 വരെ മലയാളം വിക്കിപീഡിയ ക്ലാസ്സ് നടത്തുകയുണ്ടായി. ഏതാണ്ട് 90-ൽ പരം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഈ ക്യാമ്പിൽ പങ്കെടുത്തു. കണ്ണൻ സാറിന്റെ നേതൃത്വത്തിലാണ് ക്യാമ്പ് നടന്നത്. നിരവധി ലിറ്റിൽ കൈറ്റ്സ് സഹായികൾ ഈ ക്യാമ്പിൽ നേതൃത്വം വഹിച്ചിരുന്നു. കണ്ണൻ സാർ വ്യക്തമായും കൃത്യമായും ക്ലാസ്സെടുക്കുകയും കുട്ടികൾ അത്ഭുതകരമായി അതിനെ നോക്കിക്കാണുകയും ചെയ്തു. വിക്കിപീഡിയയിൽ എങ്ങനെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കാം എന്നതായിരുന്നു ലിറ്റിൽ കൈറ്റ്സിന്റെ അഭിമുഖ്യത്തിൽ നടന്ന ഈ ക്യാമ്പിന്റെ ലക്ഷ്യം. ഒരു സ്ക്കൂളിൽ നിന്ന് രണ്ട് കുട്ടികൾ വീതമാണ് ക്യാമ്പിൽ പങ്കെടുത്തത്. ഈ ക്യാമ്പ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് വളരെയധികം പ്രയോജനകരമാവുകയും ഞങ്ങൾക്ക് ലഭിച്ച അറിവ് ഞങ്ങളുടെ സ്ക്കൂളിലെ മറ്റ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പകർന്നു നൽകാനും കുറച്ച് പേർക്ക് സ്ക്കൂൾ വിക്കിയിൽ അംഗത്വം എടുക്കാനും സഹായകരമായിരുന്നു.

# DSLR ക്യാമറ പരിശീലന റിപ്പോർട്ട്

26/12/2018 ന് പട്ടത്താനം യു. പി. സ്ക്കൂളിൽ വച്ച് കണ്ണൻസാർ വിവിധ സ്ക്കൂളിൽ നിന്നുവന്ന ലിറ്റിൽ കൈറ്റ്സിലെ ചില കുട്ടികൾക്കായി DSLR Camera യെ പരിചയപ്പെടുത്തുന്ന ക്ലാസ് നടത്തുകയുണ്ടായി.

10.00 മണിക്ക് ആരംഭിച്ച ക്ലാസ് 27/12/2018 വ്യാഴാഴ്ച 4.00 മണി വരെ തുടർന്നിരുന്നു.

ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച ഈ ക്ലാസ്സിൽ ആദ്യമായി DSLR Camera പരിചയപ്പെടുത്തുകയും Camera ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. കണ്ണൻസാർ കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച ശേഷം പ്രസ്തുത സ്ക്കൂളിൽ നടന്ന NSS ക്യാമ്പിന്റെ ചിത്രശേഖരണം നടത്താൻ കുട്ടികളോട് ആവശ്യപ്പെട്ടു. ചിത്രശേഖരണം കഴിഞ്ഞെത്തിയ കുട്ടികളോട് എങ്ങനെ ഈ ചിത്രങ്ങളും വീഡിയോസും ഉൾപ്പെടുത്തി ഒരു ന്യൂസ് നിർമ്മിക്കും എന്ന ചോദ്യം കണ്ണൻസാർ ഉയർത്തി. അതിനായി കുട്ടികൾ ഒരു വാർത്ത എഴുതി തയ്യാറാക്കാൻ ആവശ്യപ്പെട്ടു. കുട്ടികളോട് താൻ തയ്യാറാക്കിയ വാർത്ത Audacity എന്നതിൽ റെക്കോർഡ് ചെയ്യാൻ ആവശ്യപ്പെട്ടു. റെക്കോർഡ് ചെയ്ത വാർത്തയും കുട്ടികൾ ശേഖരിച്ച ചിത്രങ്ങളും വീഡിയോസും Kdenlive 18.08 എന്നതിൽ ഉൾപ്പെടുത്തി. ന്യൂസ് തയ്യാറാക്കുന്നതെങ്ങനെയെന്ന് കണ്ണൻ സാർ കുട്ടികളിലേക്ക് പകർന്നു നൽകി. കൂടാതെ ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പിന്റെ ചാനലായ Victers-ൽ സ്ക്കൂളിലെ വാർത്തകൾ ഉൾപ്പെടുത്തുന്നതിൽ കൂടുതൽ നിർദ്ദേശങ്ങളും നൽകി.

ക്യാമ്പിൽ കണ്ണൻ സാറിന്റെ കഥകൾകൂടി ഉൾപ്പെട്ടപ്പോൾ ക്യാമ്പ് വളരെ രസകരമായിരുന്നു.

# ലിറ്റിൽ കൈറ്റ്സ് റിപ്പോർട്ട്

2018-19 ഫെബ്രുവരി മാസം ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭം ആരംഭിച്ചു. ഇതിനെ തുടർന്ന് എട്ടാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഒരു അഭിരുചി പരീക്ഷ നടത്തി. ആ പരീക്ഷയിൽ മുന്നോക്കം നിന്ന മുപ്പത് കുട്ടികളെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ ചേർക്കുകയും ചെയ്തു. ജൂൺ 30 ന് തട്ടാമല ഗവ. എച്ച്. എസ്. എസിൽ വച്ച് ലിറ്റിൽ കൈറ്റ്സിന്റെ ആദ്യത്തെ പരിശീലനം നടന്നു. അത് വളരെ പ്രയോജനകരമായ ക്ലാസ് ആയിരുന്നു. കണ്ണൻ സാറായിരുന്നു ക്ലാസ് നയിച്ചത്. അനിമേഷൻ, സ്ക്രാച്ച് എന്നിവയെക്കുറിച്ചായിരുന്നു അന്നത്തെ ക്ലാസ്.

ജൂലൈ 6 ന് ഞങ്ങളുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ഉദ്ഘാടനം PTA പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് എച്ച്.എം.ശ്രീമതി.ബിന്ദു കെ.ജി നിർവഹിച്ചു.അന്നു തന്നെ കമ്പ്യൂട്ടർ ലാബിൽ വച്ച് ആദ്യത്തെ ക്ലാസും നടന്നു. കൈറ്റ്മിസ്ട്രസുമാരായ ഷീബ ടീച്ചറും അമ്പിളി ടീച്ചറുമാണ്ക്ലാസുകൾ നയിച്ചത്.അനിമേഷൻ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും സ്റ്റോറി ബോർഡ് എന്താണെന്നും അവതരിപ്പിച്ചു. തുടർന്നുള്ള എല്ലാ ബുധനാഴ്ച ദിവസങ്ങളിലും വൈകിട്ട് 4.00 മുതൽ 5.00 വരെ ലിറ്റിൽ കൈറ്റ്സിന്റെ ക്ലാസ്സുകൾ നടത്തിവരുന്നു. കുട്ടികൾ ഓരോ ക്ലാസ്സിലും അവരവരുടെ മികവ് പ്രകടമാക്കി. കുട്ടികൾ ജിമ്പ് സോഫ്റ്റ് വെയറിൽ ചിത്രം വരക്കുകയും സേവ് ചെയ്യുകയും ചെയ്തു. അഞ്ചാമത്തെ ക്ലാസ്സിൽ ലാസ്റ്റ് മൊഡ്യൂളായ ഇങ്ക് സ്കെയിപ്പാണ് പഠിപ്പിച്ചത്. പിന്നീട് കുട്ടികളെ മലയാളം ടൈപ്പിങ്ങിന്റെ ആദ്യ മൊഡ്യൂൾ പരിചയപ്പെടുത്തി. 10/08/18 വെള്ളിയാഴ്ച രാവിലെ 10.00 മുതൽ 4.00 വരെ ലിറ്റിൽ കൈറ്റ്സിന്റെ സ്കൂൾ ക്യാമ്പ് നടത്തി. അഞ്ചാലുംമൂട് ഗവ. എച്ച്. എസ്. എസിലെ ശ്രീ. കൃഷ്ണകുമാർ സാർ ആയിരുന്നു ക്ലാസ്സ് നയിച്ചത്. സ്വന്തമായി എങ്ങനെ ഡോക്യുമെന്ററി ചെയ്യാം എന്നതായിരുന്നു ക്യാമ്പിന്റെ ലക്ഷ്യം. മലയാളം

ടൈപ്പിങ്ങിന്റെ ആദ്യ മൊഡ്യൂളുകൾ ആയ ആക്ടിവിറ്റി- 2. 1. 1 , ആക്ടിവിറ്റി- 2. 1. 2 , ആക്റ്റിവിറ്റി 2. 1. 3 എന്നിവയാണ് പിന്നീട് കുട്ടികളിലേക്ക് പകർന്നു നൽകിയത്. മലയാളം ടൈപ്പിങ്ങിന്റെ ഓരോ മൊഡ്യൂളുകളും കുട്ടികളെ പരിശീലിപ്പിച്ചു. പിന്നീടുള്ള ക്ലാസ്സുകൾ ഡിജിറ്റൽ മാഗസിന്റെ തുടർച്ചയായിരുന്നു. പിന്നീട്, ഇന്റർനെറ്റിന്റെ പരിശീലനം കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുത്തു. സ്കൂൾ ക്യാമ്പിൽ നിന്നും എട്ട് കുട്ടികളെ സബ് ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുത്തു അവർ ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്തു.

# കൃതജ്ഞത

ഞങ്ങളുടെ ഇ-മാഗസിൻ വിജയകരമായി പൂർത്തീകരിക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ അമ്പിളി ടീച്ചറിനും ഷീബ ടീച്ചറിനും ഒരായിരം നന്ദി....................

എഡിറ്റർ


നവജ്യോതി